## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

എഫ്1- 17650/2016 തീയതി-19 .08.2020

**സർക്കുലർ നമ്പർ -20 /2020-21**

വിഷയം – കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ റെഗുലർ ജീവനക്കാർക്ക് 2020 ലെ ഓണം പ്രമാണിച്ച് ഉത്സവ വായ്പ അനുവദിച്ച് വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന- 1) കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്- 488-ാം മത് ബോർഡ് 10-ാം മത് അജണ്ടാ തീരുമാനം.

2) കേരള ചുമട്ടുതൊഴിലാളി ചട്ടം (1981) റൂൾ 13(എച്ച്)

3) 15.08.2020 ലെ സ.ഉ.(അച്ചടി) നം. 108/2020/ധന നമ്പർ ഉത്തരവ്.

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ജില്ലാ കമ്മിറ്റി/ഉപകാര്യാലയങ്ങളിലെ റെഗുലർ ഫുൾടൈം ജീവനക്കാർക്ക് (പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടേഷൻ ജീവനക്കാർ ഉൾപ്പെടെ) സൂചന 2 പ്രകാരം ബോർഡിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചു കൊണ്ട് സൂചന (1) പ്രകാരം, 2020 ലെ ഓണം പ്രമാണിച്ച് പരമാവധി 50,000/- രൂപ വരെയും (അൻപതിനായിരം രൂപ വരെ മാത്രം) റഗുലർ പാർട്ട് ടൈം ജീവനക്കാർക്ക് പരമാവധി 25,000/- രൂപ വരെ (ഇരുപത്തി അയ്യായിരം രൂപ വരെ മാത്രം) വരെയും ഓണം അഡ്വാൻസ് 19/08/2020 മുതൽ വിതരണം ചെയ്യാവുന്നതാണ്. ഓണത്തിന് ശേഷം അഡ്വാൻസ് വിതരണം ചെയ്യാവുന്നതല്ല. സൂചന (1) മുൻ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുൻ വർഷത്തെപോലെ 2020 ലും ഓണത്തോടനുബന്ധിച്ച്, റെഗുലർ ഫുൾടൈം ജീവനക്കാർക്ക് (പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടേഷൻ ജീവനക്കാർ ഉൾപ്പെടെ) 10 തുല്യ പ്രതിമാസ ഗഡുക്കളായി തിരിച്ചു പിടിക്കേണ്ടുന്ന വിധത്തിൽ പരമാവധി 50,000/- രൂപ വരെയും (അൻപതിനായിരം രൂപ വരെ മാത്രം) റഗുലർ പാർട്ട് ടൈം ജീവനക്കാർക്ക് പരമാവധി 25,000/- രൂപ വരെ (ഇരുപത്തി അയ്യായിരം രൂപ വരെ മാത്രം) ഉത്സവ വായ്പ അനുവദിച്ച് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ ശമ്പള വിതരണ ഉദ്യോഗസ്ഥർക്കും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ദീർഘകാല അവധിയിൽ പ്രവേശിച്ചിരിക്കുന്നവർക്ക് ഉത്സവ വായ്പ നൽകേണ്ടതില്ല.

പ്രസ്തുത വായ്പ തുക 10 തുല്യ പ്രതിമാസ ഗഡുക്കളായി 2020 ഒക്ടോബർ മാസം (സെപ്റ്റംബർ മാസത്തെ ശമ്പളത്തിൽ നിന്നും ) മുതൽ യഥാവിധി തിരിച്ചുപിടിക്കേണ്ടതാണ്. മുൻ വർഷത്തെ ഉത്സവ വായ്പ തിരിച്ചടവിൽ കുടിശ്ശിക/ബാദ്ധ്യത പൂർണ്ണമായി അടച്ചു തീർത്ത ജീവനക്കാർക്ക് മാത്രമേ ഈ അഡ്വാൻസ് അനുവദിക്കേണ്ടതുള്ളൂ.

2019-20 സാമ്പത്തിക വർഷം ജില്ലാ കമ്മിറ്റി/ഉപകാര്യാലയങ്ങളിൽ ടി ഇനത്തിൽ അനുവദിച്ച തുക, ഈടാക്കിയത്, ബാക്കി നിൽക്കുന്ന തുക എന്നിവയുടെ പട്ടികയും അയച്ചു തരേണ്ടതാണ്. ഉത്സവ വായ്പ വിതരണം സംബന്ധിച്ച് നിലവിലുള്ള മറ്റെല്ലാ നിർദ്ദേശങ്ങളും നിബന്ധനകളും മാറ്റമില്ലാതെ പാലിക്കപ്പെടേണ്ടതാണ്. വായ്പ തുക **19/08/2020** മുതൽ യഥാവിധി വിതരണം ചെയ്യാവുന്നതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

**സ്വീകർത്താവ്**

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും/പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും.

( ജില്ലാ കമ്മിറ്റി ചെയർമാൻ കമ്മിറ്റിയ്ക്ക് കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതും, സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യേണ്ടതുമാണ്.

**പകർപ്പ്**

സൂപ്രണ്ട് ക്യാഷ് സെക്ഷൻ/എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

സെക്ഷൻ ക്ലർക്ക് ഇ2/സി1 സീറ്റുകൾ

(അറിവിലേയ്ക്കും ആവശ്യമായ തുടർ നടപടികൾക്കുമായി)

// ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്.